(സി) അംഗങ്ങളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†. മ്യൂസിയത്തിലെ പുതിയ ഗ്യാലറികളുടെ പ്രോജക്ടുകൾ പരിശോധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ശുപാർശകൾ സമർപ്പിക്കലാണ് ടി കമ്മിറ്റിയുടെ ചുമതല.

(ഡി)&(ഇ) അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശത്തിനു വിരുദ്ധമായി യാതൊരു പ്രവർത്തനവും നടന്നിട്ടില്ല.

84 (3264) ഹൗസിംഗ് ബോർഡിന്റെ ഭവന നിർമ്മാണ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭവന നിർമ്മാണ ബോർഡ് ആവശ്യക്കാരുണ്ടോ എന്ന് തിട്ടപ്പെടുത്താതെ വൻതുക ചെലവഴിച്ച് ഭവനനിർമ്മാണം നടത്തിയതിന് പിന്നിൽ അഴിമതിയുള്ളതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ;

(സി) അഴിമതി സംബന്ധിച്ച് ആർക്കെങ്കിലുമെതിരെ കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആർക്കൊക്കെ എതിരെയെന്നറിയിക്കുമോ?

ഉത്തരം

(എ)&(ബി) ഭവനനിർമ്മാണ ബോർഡിൽ ആവശ്യക്കാരെ തിട്ടപ്പെടുത്തുന്നതിനു വേണ്ടി രജിസ്ട്രേഷൻ പദ്ധതി നിലവിലുണ്ട്. എന്നാൽ രാജീവ് ദശലക്ഷ ഭവന പദ്ധതി പ്രകാരം ഹൗസിംഗ് ബോർഡ് പണികഴിപ്പിച്ച വീടുകളുടെ പണിയിലും സ്ഥലമെടുപ്പിലും അഴിമതി ഉണ്ടെന്ന് ആരോപിച്ചുകൊണ്ട്, ഒരു പരാതി 7.7.1999-ൽ ഹൗസിംഗ് ബോർഡിന് ലഭിച്ചിട്ടുണ്ട്. അതിന്മേൽ വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

85 (3265) എം.എൽ.എ. മാർക്കുള്ള ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാർക്കുള്ള ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് ഹൗസിംഗ് ബോർഡിൽനിന്നും കടമെടുത്ത തുക പ്രതിമാസ ഗഡുക്കളായി തിരിച്ചടയ്ക്കുമ്പോൾ ഏത് മാസത്തെ ഗഡുക്കളാണ് അടക്കുന്നതെന്ന് പണമടച്ചതിന് ലഭിക്കുന്ന രസീതിൽ കാണിക്കുന്നില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിമാസ ഗഡുക്കൾ അടക്കുമ്പോൾ ലഭിക്കുന്ന രസീതികളിൽ ഏത് വർഷത്തെ, ഏത് മാസത്തെ ഗഡുക്കളാണ് അടച്ചിരിക്കുന്നതെന്ന് കാണിക്കാൻ നടപടികൾ സ്വീകരിക്കുമോ?

---

† അനുബന്ധം VIII

811/2010.

LIBRARY ARCHIVES Kerala Legislative Assembly